ഉത്തരം

(എ) 1. ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യപ്രാപ്തി വികസനത്തിന് പരിശീലനം നൽകി.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.

3. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടന്റുമാരെ ലഭ്യമാക്കി

4. ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്കുനൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി.

5. പദ്ധതി ആസൂത്രണം, പരിശോധന, അംഗീകാരം എന്നീ നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. 2011ഏപ്രിൽ1 മുതൽ ത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽകൃത അക്കൗണ്ടിംഗ് രീതി നടപ്പിൽ വരുന്നതാണ്.

(ബി) ഉണ്ട്.

(സി) ഇതുപരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് പഞ്ചായത്തു കെട്ടിടം നിർമ്മാണച്ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

ജനകീയാസൂത്രണഫണ്ടുപയോഗിച്ച് നിർമ്മിച്ച സ്ഥാപനങ്ങൾ

139 (1609) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലും നഗരസഭകളിലും മറ്റുമായി ജനകീയാസൂത്രണ ഫണ്ടുപയോഗിച്ച് നിർമ്മിച്ച സ്ഥാപനങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്തതായി കോഴിക്കോട് ജില്ലയിൽ എത്രയെണ്ണം ഉണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രവർത്തിക്കാത്തത് ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ചെറുവണ്ണൂർ നല്ലളം, കായക്കൊടി, നൊച്ചാട്, പേരാമ്പ്ര, ചക്കിട്ടപാറ, തിക്കോടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓരോന്നുവീതവും കാരശ്ശേരി, അഴിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ രണ്ട് വീതവും പ്രവർത്തനക്ഷമമല്ലാത്ത സ്ഥാപനങ്ങളുണ്ട്. നഗരസഭകളിൽ പ്രവർത്തനക്ഷമമല്ലാത്ത സ്ഥാപനങ്ങളില്ല.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതിന്റെ കാരണം ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly